# ബൈബിൾ ട്രൂത്ത്



**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 24** **May 2009** **No.2**


## എഡിറ്റോറിയൽ

ആധുനിക യുഗത്തിൽ യുവതീയുവാക്കളുടെ ജീവിതം തികച്ചും വ്യത്യസ്തമായിട്ടാണ് കാണപ്പെടുന്നതു. മറ്റൊരാളെ ആശ്രയിക്കാതെ സ്വന്ത വരുമാനത്തിൽ ജീവിക്കുവാൻ താല്പര്യപ്പെടുന്നവരാണ് അധികവും. അതായതു ഇന്ത്യൻ പാരമ്പര്യസംസ്ക്കാരത്തിൽ നിന്നു മാറി ചിന്തിക്കുകയാണ് അവർ. പണ്ട് കൂട്ടുകുടുംബമായിരുന്നു നിലനിന്നിരുന്നതു. അതു മാറി അണു കുടുംബങ്ങളിൽ ഒതുങ്ങി കഴിയുവാൻ ആണ് അധികം പേർക്കും താല്പര്യം. വിസ്തൃതമായ കുടുംബ മൂല്യങ്ങളെ നിരാകരിച്ചിരിക്കയൊണ്. ഇതു ഒരു രാജ്യത്തിൽ മാത്രമല്ല, അനവധി രാജ്യങ്ങളിൽ കാണപ്പെടുന്നുണ്ട്. സംസ്ക്കാരമാറ്റത്തിന്റെ ഉദ്ദേശം വളരെ സ്പഷ്ടമാണ്. അതു സ്വാർത്ഥതയാണ്. നിസ്വാർത്ഥമായ ലക്ഷ്യമായിരിക്കണം ജീവിതത്തിൽ ഏതൊരാൾക്കും വേണ്ടത്. ഇടുങ്ങിയ ചിന്താഗതിക്കാരാണ് സ്വാർത്ഥമതികൾ. അവർ മറ്റുള്ളവരെ കുറിച്ചു വിചാരപ്പെടുകയില്ല. അവരുടെ ശ്രദ്ധ സ്വന്തം കാര്യത്തിൽ തന്നെയായിരിക്കും - സ്ത്രീയായാലും പുരുഷനായാലും യുവത്വത്തിൽ അവരുടെ നിരൂപണങ്ങൾ ശരിയാണ് എന്ന അമിത ആത്മ വിശ്വാസത്തിൽ ആയിരിക്കും. ഈ നിഗമനം അവരെ അപകടത്തിലെത്തിക്കും. അപ്പന്റേയും അമ്മയുടേയും ഉപദേശങ്ങൾക്കു വില കല്പിക്കുന്ന യുവതീ യുവാക്കൾ അവരുടെ ആലോചനക്കു ചെവികൊടുക്കും.

കർത്താവിൽ വിശ്വസിക്കുന്നവരും ക്രിസ്തുവിന്റെ ഉപ

ദേശപ്രകാരം ജീവിക്കുന്നവരും നല്കുന്ന ഉപദേശങ്ങൾ വിലയുള്ളതായിരിക്കും. ബൈബിൾ പരിജ്ഞാനത്തെ വെല്ലുന്ന മറ്റൊരു ഉപദേശവുമില്ല. ക്രിസ്തുവിന്റെ ഉപദേശം ദൈവിക കല്പനയാണ്. അതു അങ്ങനെ തന്നെ പ്രമാണിക്കുവാൻ തയ്യാറാകണം. ഉറപ്പും പ്രത്യാശയും ഉള്ള ഒരു മനസ്സിനേ ശരിയായ തീരുമാനം എടുക്കുവാൻ കഴിയൂ. പുരുഷനായാലും സ്ത്രീയായാലും ജീവിതത്തിൽ അച്ചടക്കം ഉണ്ടായിരിക്കണം. അച്ചടക്കം എന്നതുകൊണ്ടു ഉദ്ദേശിക്കുന്നതു നിയമത്തിനു കീഴ്പ്പെടുക എന്നാണ്. നിയമം പാലിക്കുന്നവർ ബന്ധങ്ങൾക്കു വില കല്പിക്കും. അല്ലാത്തവർ തങ്ങൾക്കു യോജിച്ച വിധത്തിൽ അവർ തന്നെയാണ് അവർക്കു നിയമമെന്നു കാണിക്കും. ഇതു ധിക്കാരമാണ്. അനുസരണക്കേട് അഹങ്കാരത്തെയാണ് സൂചിപ്പിക്കുന്നത്, ഒരാളുടെ വീഴ്ച്ചക്കുമുമ്പുണ്ടാകുന്നതാണ് ഉന്നതഭാവം. ഞാൻ, എനിക്ക്, എന്റെ എന്ന മനോഭാവം ഗർവ്വ മനോഭാവത്തിൽ നിന്നു വരുന്നതാണ്. ഭക്തിപൂർവ്വം ജീവിക്കുന്ന മാതാപിതാക്കളുടെ മാതൃക മക്കൾ അനുകരിക്കുകയാണെങ്കിൽ അത് അത്യുത്തമമായിരിക്കും. പക്ഷെ തെറ്റായ സ്വഭാവങ്ങളും തെറ്റായ മാതൃകയുമാണ് പലപ്പോഴും അനുകരിക്കപ്പെടുന്നത്. ലോകത്തിൽ യുവതീയുവാക്കളെ പ്രലോഭിപ്പിക്കുന്ന പല ഘടകങ്ങൾ ഉണ്ട്. ആ ആകർഷണവലയത്തിൽ അവർ കുടുങ്ങാതെ നോക്കണം. കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്ന യുവാക്കൾ അതിനുവേണ്ട ഒരുക്കത്തോടെ വേണം അതിലേക്കു പ്രവേശിക്കുവാൻ. അപക്വതയുള്ള യുവതീയുവാക്കൾ പലപ്പോഴും ക്ലേശിക്കുന്നതു കാണാം. അങ്ങനെ വരാതിരിക്കുവാൻ ഒരു നല്ല ഒരുക്കം അത്യാവശ്യമാണ്.

വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നുവരുന്ന യുവാവും യുവതിയും അവ യോജിപ്പിച്ചു കൊണ്ടുപോകുവാനുള്ള തന്മയത്വമാണ് വേണ്ടത്. അതിനു വിട്ടുവീഴ്ച്ച അനിവാര്യമാണ്. പക്ഷെ അതു ആത്മിയ ഐക്യതയുടെ അടിസ്ഥാനത്തിൽ വേണം. ദൈവവചനം ഹൃദയത്തിലില്ലെങ്കിൽ അധർമ്മം നമ്മുടെ ജീവിതത്തിൽ കടന്നുവരും. ഏതൊരാൾക്കും ശാരീരികവും ആത്മികവും, മാനസികവും ആയ കഴിവുകൾ തരുന്നതു ദൈവമാണ്. ദൈവത്തിനു മഹത്വം കൊടുക്കേണ്ടവരാണ് എല്ലാവരും. ആ ഒരു കടമ ഒരു കുടുംബത്തിലുള്ള എല്ലാവരും മനസിലാക്കണം. ദൈവമാണ് പുരുഷനെയും

സ്ത്രീയേയും സൃഷ്ടിച്ചു കുടുംബജീവിതത്തിനു സാഹചര്യം ഒരുക്കിയത്. അതുകൊണ്ടു ദൈവമക്കളായിട്ടുവേണം ജീവിക്കുവാൻ. ദൈവത്തോടുള്ള ബന്ധവും തമ്മിൽ തമ്മിലുള്ള ബന്ധവും എങ്ങനെ നിലനിർത്തണമെന്നു തിരിച്ചറിഞ്ഞുവേണം ജീവിക്കുവാൻ. ദൈവത്തേക്കാളുപരി മാനുഷികബന്ധത്തെ കാണുന്നവരുണ്ട്. അതു ദൈവത്തിന് ഇഷ്ടമല്ല. ലോകപ്രകാരമുള്ള കാഴ്ച്ചപ്പാടുവെച്ചല്ല നാം കുടുംബജീവിതത്തെ കാണേണ്ടത്. ആത്മിയ കാഴ്ച്ചപ്പാടിൽ കാണണം. ആത്മിയ പരിശീലനമാണ് ഇതിൽ ദൈവം കാണുവാൻ ആഗ്രഹിക്കുന്നത്. ശാരീരികവും വൈകാരികവുമായ ബന്ധം വേണ്ട എന്നല്ല ഞാനുദ്ദേശിച്ചത്. മറിച്ചു മുഖ്യമായ ഉദ്ദേശം ആത്മികമാണ്.

ഈ ലോകത്തിനു അനുരൂപപ്പെടാതെ മനസ്സുപുതുക്കി രൂപാന്തരപ്പെടുവാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതു അർത്ഥവത്താകണമെങ്കിൽ പരസ്പരം നാം സ്നേഹിക്കണം. അന്യോന്യം ക്ഷമിക്കുവാൻ കർത്താവു പറഞ്ഞിരിക്കുന്നതു നാമെല്ലാം തെറ്റു ചെയ്യും എന്നു ദൈവത്തിനു അറിയാവുന്നതുകൊണ്ടാണ്. ദൈവത്തിന്റെ ദീർഘക്ഷമ നമ്മിൽ പ്രകടമാകണമെങ്കിൽ നാം പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടണം. അവസാനത്തോളം നാം ദൈവത്തോടും മനുഷ്യരോടും വിശ്വസ്തരായിരിക്കണം. ഭാര്യയും ഭർത്താവും മക്കളും ചേർന്നുള്ള കുടുംബം പ്രാർത്ഥനയോടെ, തിരുവെഴുത്തു വായിച്ചു മനസ്സിലാക്കി അതു പ്രമാണിച്ചു ദൈവത്തെ സേവിച്ചു ആരാധിച്ചു ദൈവത്തെ പ്രസാദിപ്പിക്കണം. ഐകമത്യമാണ് ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നതു എന്ന കാര്യം നാം മറക്കരുത്.

ദൈവോദ്ദേശം മനസ്സിലാക്കാത്ത ദമ്പതികളിലാണ് ജീവിതം ശോഭനമായി തീരാത്തത്. ഒന്നിച്ച് ചർച്ച ചെയ്തു കാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ അവർക്കു കഴിയുന്നില്ല. തീരുമാനം എടുക്കുമ്പോൾ ദൈവത്തിന് കീഴ്പ്പെട്ടു അന്യോന്യമുള്ള ബഹുമാനവും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ടുവേണം തീർച്ചപ്പെടുത്തുവാൻ. ഇതിന് ദൈവിക പരിജ്ഞാനം അത്യന്താപേക്ഷിതമാണ്. പരസ്പരവിശ്വാസം നഷ്ടപ്പെടുത്തരുത് എന്നു പ്രത്യേകം ഓർപ്പിക്കട്ടെ.

# നാമധേയവിഭാഗത്തിന്റെ യോഗം

## J.C. ചോട്ട്

അടുത്ത സമയത്ത് ഒരു നാമധേയ വിഭാഗത്തിന്റെ യോഗത്തിൽ സംബന്ധിക്കാനിടയായി. ഞാൻ സാധാരണ ഇത്തരം യോഗങ്ങളിൽ സംബന്ധിക്കാറില്ല. കാരണം ഞാൻ അവരെ പ്രോൽസാഹിപ്പിക്കുന്നു എന്നു വരരുതല്ലോ. എന്നാൽ ഈ സാഹചര്യത്തിൽ അതിൽ പങ്കാളിയാകുക എന്നതിലുപരി അവിടെ നടക്കുന്നതു എന്തു എന്നു നിരീക്ഷിക്കുന്ന ഒരു നിരീക്ഷകൻ മാത്രമായിരുന്നു ഞാൻ. അവിടെ കണ്ടതായ ചില കാഴ്ചകളെ ഞാൻ നിങ്ങളോടു വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു.

ഒരു പട്ടണത്തെ മുഴുവൻ ബന്ധിപ്പിച്ച് നടക്കുന്ന യോഗങ്ങൾ സാധാരണയായി മുഖ്യ സഭാവിഭാഗങ്ങളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും നടത്തുക. എല്ലാവർക്കും സുസമ്മതനായ പ്രസംഗകനായിരിക്കും അവർ ഇഷ്ടപ്പെടുന്നതു. ആരുടേയും വിശ്വാസത്തേയും ആചാരത്തേയും അതായതു ഒരു സമുദായത്തിനും ഒരു കുഴപ്പവുമില്ലാത്ത രീതിയിൽ ആയിരിക്കും പ്രസംഗം. അവരെല്ലാം പരസ്പര വിരുദ്ധമായ വിശ്വാസത്തിലും, സംഘടനയിലും ഉപദേശത്തിലും പേരിലും മറ്റു പല രീതിയിലും വ്യത്യസ്ത ചിന്താഗതികൾ വച്ചു പുലർത്തുന്നവരാണ്. എങ്കിലും അവർക്കു ഒത്തു ചേർന്നു വിജയകരമായ കൺവെൻഷൻ നടത്താൻ കഴിയുന്നില്ലേ എന്നു ചോദിച്ചേക്കാം. പക്ഷെ അതു വിജയമാണോ എന്നു നാം പരിശോധിക്കണം. കാരണം ഈ യോഗങ്ങൾ നടത്തിയാലും ഇല്ലെങ്കിലും അവരുടെ വിശ്വാസജീവിതത്തിനു മാറ്റം വരുന്നില്ല. അപ്പോൾ പിന്നെ എന്തിനാണ് അവർ ഇതെല്ലാം നടത്തുന്നതു? ഞങ്ങൾക്കും ഉണ്ട് സുവിശേഷയോഗങ്ങൾ എന്നു വരുത്തി തീർക്കാൻ; അല്ലെങ്കിൽ സമൂഹത്തിൽ ഒരു സൽപേർ ഇതിലൂടെ നേടിയെടുക്കാൻ ആയിരിക്കാം.

വളരെ ചെലവു കൂടിയ യോഗങ്ങളാണ് ഇവർ നടത്തുന്നതു. പത്രത്തിലൂടെയും, ബാനർ, പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ മുഖേനയും വലിയ പരസ്യം അതിനുണ്ടാകും. പ്രാധാന്യമുള്ള അറിയപ്പെടുന്ന ഒരു മൈതാനം അവർ തിരഞ്ഞെടുക്കും. എല്ലാവർക്കും എളു

പ്പത്തിൽ വന്നു ചേരാവുന്ന സ്ഥലമായിരിക്കും അതു. ഓരോ സംഘടനകളുടേയും പുസ്തകങ്ങളും മറ്റും വില്ക്കുന്നതിനു പ്രത്യേകം കടകളും ഉണ്ടാകും. വലിയ സ്റ്റേജും അലങ്കരിച്ചിരിക്കുന്നതു കാണാം. വാടകക്കെടുത്ത കസേരകൾ, ഉച്ചഭാഷിണികൾ, വീഡിയോ ക്യാമറകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന സ്ക്രീനുകൾ എന്നിവ ദൂരെയിരിക്കുന്നവരുടേയും നിൽക്കുന്നവരുടേയും പ്രയോജനത്തിനായി ഉണ്ടായിരിക്കും. പാട്ടു പാടുന്നതിനു പ്രത്യേകം ഒരു ഗ്രൂപ്പുണ്ടായിരിക്കും എന്നതു മറ്റൊരു സവിശേഷതയാണ്.

പ്രസിദ്ധനായ പ്രാസംഗികനെ എല്ലാവരും ചേർന്നു ക്ഷണിച്ചു വരുത്തും. ചിലപ്പോൾ ഒരു സംഘം ആളുകൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കും. രാജകീയമായ സ്വീകരണമായിരിക്കും അവർക്കു ഒരുക്കികൊടുക്കുന്നതു. ഇത്തരം പ്രാസംഗികർ തങ്ങളുടെ ശുശ്രൂഷയെ സ്വന്തം പ്രദേശത്തു നിന്നും ദേശവ്യാപകമാക്കുവാനും ചിലപ്പോൾ വിദേശത്തു വ്യാപിപ്പിക്കുവാനും ശ്രമിക്കും. ചില രാഷ്ട്രീയ സ്വാധീനമുള്ള നേതാക്കന്മാരെയും ഉൾപ്പെടുത്തുകയും ചെയ്യും. സമൂഹത്തിലെ കിട്ടാവുന്ന ഉയർന്ന വ്യക്തികളെയും പങ്കെടുപ്പിക്കും. സ്റ്റേജിൽ പ്രമുഖ സ്ഥാനം കൊടുത്ത് – ഇരുത്തിയിരിക്കുന്നവരിൽ ആ പ്രദേശത്തെ മതാദ്ധ്യക്ഷന്മാരും കാണും. അവർക്കു ചിലപ്പോൾ ഒരു പ്രാർത്ഥനയോ ചെറിയ മുഖവുര പ്രസംഗമോ കൊടുത്തെന്നു വരും. ഈ മീറ്റിങ്ങിന്റെ വിജയത്തിനായി ഈ അദ്ധ്യക്ഷന്മാർ അവരുടെ അനുയായികളെ പങ്കെടുപ്പിക്കും. അതിനുവേണ്ടിയാണ് ഈ അദ്ധ്യക്ഷന്മാർക്കു എല്ലാം പരസ്യമായ മുഖ്യസ്ഥാനങ്ങൾ കൊടുക്കുന്നതു.

ആയിരക്കണക്കിനു ആളുകൾ ഈ മീറ്റിങ്ങിലേക്കു ഓരോ രാത്രിയിലും ആകർഷിക്കപ്പെടുന്നു. ആൾപെരുപ്പം സ്വാഭാവികമായി ആളുകളെ വശീകരിക്കും. നേരിട്ട് യോഗത്തിൽ ബന്ധപ്പെടുന്ന വിഭാഗങ്ങളിലെ അംഗങ്ങളായിരിക്കും ഒരു കൂട്ടർ. ആൾക്കൂട്ടം എവിടെയുണ്ടെങ്കിലും അവിടെ എത്തുന്നവരും ഉണ്ടാകും. ദൈവജനം കൂടുന്ന സ്ഥലമല്ലേ? പൊതുവായ കൂടിവരവ് അല്ലേ എന്നതുവെച്ചുകൊണ്ട് പോകുന്നവരുമുണ്ട്. അവിടെ നടക്കുന്നതു എന്താണെന്നു അറിയുവാൻ ജിജ്ഞാസയുള്ളവരും കണ്ടെന്നുവരും, മറ്റു മതവിശ്വാസികളും ഇതിൽ വന്നുചേരുന്നുണ്ട്. ഒരു ഉൽസവത്തിന്റെ പ്രതീതി

അവിടെ ദർശിക്കാം. പല തരം വ്യാപാരികൾ അവിടെ സമയം തക്കത്തിൽ ഉപയോഗിക്കുന്നു. ആളുകളിൽ ചിലർ ലഘുലേഖകൾ, മാസികകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. മതപരമായവയും അല്ലാത്തവയും അതിൽ കാണാം.

മണിക്കുറുകളോളം നീണ്ടുനിൽക്കുന്നവയാണ് ഓരോ ദിവസത്തേയും യോഗങ്ങൾ; പ്രാർത്ഥനകളുണ്ട്, വാദ്യമേളങ്ങളാൽ പാട്ടുകളുണ്ട്, സാക്ഷ്യങ്ങളുണ്ട്, അതിഥികളുടെ പ്രസംഗമുണ്ട്, സ്തോത്രകാഴ്ച്ചയുണ്ട്, അവസാനം മുഖ്യപ്രസംഗം നടക്കും. ഒരു ഭാഗം സന്ദർശകർ അവിടെ നടക്കുന്നതു ക്ഷമയോടെ കാത്തിരുന്നു കാണുകയും കേൾക്കുകയും ചെയ്യുന്നു. ആയിരക്കണക്കിനു ആളുകൾ വരുകയും പോകയും ചെയ്യുന്നുണ്ട്. സംഘാടകരുടെ കണക്കിൽ ഗ്രൗണ്ടിൽ ശ്രദ്ധയോടെ ഇരുന്നവരാണ് കർത്താവിനോടു പ്രതികരിച്ചവർ. ആളുകൾക്ക് വാസ്തവത്തിൽ പരിവർത്തനമൊന്നും നടക്കുന്നില്ല. മാനസികമായി ചിലർക്കു ഇങ്ങനെ പങ്കെടുക്കുന്നതു കൊണ്ട് ചില പ്രത്യേക അനുഭൂതികൾ ഉണ്ടായേക്കാം. അതു താൽക്കാലികമാണ്. അല്ലാതെ ഇവിടെ ഒന്നും സംഭവിക്കുന്നില്ല. എന്നാൽ ഈ യോഗങ്ങളിൽ യഥാർത്ഥ വിജയി പ്രാസംഗികനാണ്. അദ്ദേഹത്തോടൊപ്പമുള്ള കൂട്ടവും ഉൾപ്പെടുന്നു എന്നു പറയാം. മീറ്റിങ്ങുകളിലും അതിനുശേഷവും ഇവർക്കു പണം ആളുകൾ അയച്ചുകൊണ്ടിരിക്കും. മാത്രമല്ല പ്രസംഗകന്റെ പ്രസിദ്ധി ദേശമെങ്ങും വർദ്ധിക്കുകയും ചെയ്യും.

ഈ മീറ്റിങ്ങുകളിൽ പൊതുവായി ഒരു പെന്തെക്കൊസ്തു ചുവ കാണും. ജനക്കൂട്ടം വന്നിരിക്കുന്നതു അത്ഭുതമെന്തെങ്കിലും നടക്കും; രോഗസൗഖ്യം ലഭിക്കും, പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താം എന്ന ധാരണയോടെയാണ്. ഇവയ്ക്കെല്ലാം ഓരോ രാത്രിയിലും പ്രത്യേക പ്രാർത്ഥനയുണ്ടാകും എന്നു പ്രഖ്യാപിക്കയും ചെയ്യും. ഈ രോഗശാന്തിയും അനുഭവസാക്ഷ്യങ്ങളുമെല്ലാം മുൻകൂട്ടി തീരുമാനിച്ച് ഒരുക്കി നിർത്തിയിരിക്കുന്നവരാണ് എന്ന് അധികം പേരും അറിയുന്നില്ല. തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമെ പരസ്യമായി അനുഭവസാക്ഷ്യം പറയാൻ അനുവാദമുള്ളു. കുരുടനായി വന്ന കുരുടൻ അങ്ങനെ തന്നെ മടങ്ങുന്നു. കയ്യോ, കാലോ ഇല്ലാതെ അവിടെ വന്നവർ അങ്ങനെ തന്നെ തിരിച്ചുപോ

കുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവിടെ യാതൊരു അത്ഭുതവും നടക്കുന്നില്ല. അനുഭവസാക്ഷ്യം പറയുന്നവരുടേയും പ്രാസംഗികരുടേയും വാക്കുകൾ കേട്ട് ആ അത്ഭുതങ്ങളും രോഗശാന്തിയും എല്ലാം നടന്നതാണ് എന്ന് വിശ്വസിക്കുവാൻ ജനക്കൂട്ടം പ്രേരിതരായിതീരുന്നു.

കാഴ്ച്ച തിരിച്ചു കിട്ടുന്നതോ, വരണ്ട കാൽ ഉള്ളവനു സൗഖ്യം കിട്ടുന്നതോ, മരിച്ചാൽ ജീവിക്കുന്നതോ ഒന്നും അവിടെ നടക്കുന്നതായി ആരും ഒരിക്കലും കണ്ടിട്ടില്ല. നിങ്ങൾക്കുപോയി പരിശോധിക്കാവുന്നതാണ്. പരിശുദ്ധാത്മസ്നാനത്താൽ അവർക്കു ഈ പ്രത്യേക കഴിവു കിട്ടി എന്നു അവകാശപ്പെടുന്നവർ ഈ യോഗങ്ങളിൽ തർജ്ജിമക്കാരെ ആശ്രയിക്കുന്നതു എന്തിനാണ്? ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധാത്മ സ്നാനം ഏറ്റവർ ഉടനെ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി. അവർക്കു തർജ്ജിമയുടെ ആവശ്യം നേരിട്ടില്ല (പ്രവൃത്തി 2:4, 6). ഈ ആധുനികരോഗശാന്തി, അത്ഭുതവരങ്ങൾ എന്നിവ ഉണ്ടെന്ന് അവകാശപ്പെടുന്നവർ അന്യഭാഷ സംസാരിക്കാൻ കഴിയും എന്നു അവകാശപ്പെടുന്നവർക്കും മനസിലാകേണ്ടതിനു തർജ്ജിമക്കാരെ ഉപയോഗിക്കുന്നുണ്ട്. അപ്പൊസ്തലൻമാരിൽ ആരും അവരുടെ പ്രസംഗം തർജ്ജിമ ചെയ്തതായി നാം കാണുന്നില്ല. പെന്തെക്കൊസ്തുനാളിലെ പത്രൊസിന്റെയും ശേഷം അപ്പൊസ്തലന്മാരുടേയും പ്രസംഗം കൂടിവന്ന ഓരോരുത്തരുടേയും ഭാഷകളിൽ അവർക്കു മനസിലായി (പ്രവൃത്തി 2).

അവസാനമായി, അവിടെ ശുദ്ധമായ സുവിശേഷം പ്രസംഗിക്കപ്പെടുന്നില്ല. ധാരാളം പ്രവൃത്തികൾ നടക്കുന്നുണ്ട്, വ്യത്യസ്ത വിഭാഗങ്ങളിലെ നേതാക്കന്മാർ സംസാരിക്കും, ഭയങ്കര കാഴ്ച്ചയാണ്. പക്ഷെ എന്തു ചെയ്യാം സത്യം തുറന്നു പ്രസ്താവിക്കുന്നില്ലല്ലോ. ക്രിസ്തുവിനെ പ്രസംഗിക്കയോ അവനു മഹത്വം കൊടുക്കയോ ചെയ്യുന്നില്ല. പരിശുദ്ധാത്മസ്നാനവും അത്ഭുത പ്രവൃത്തികളും ആയിരിക്കും അവരുടെ സന്ദേശത്തിന്റെ കാതലായ ഭാഗം. സുവിശേഷത്തിലേക്കു നാമമാത്രമായ ശ്രദ്ധ ക്ഷണിക്കൽ ഉണ്ടാകും. സത്യം മുഴുവനും ആളുകളോടു പറയാതിരിക്കുന്നതു അപരാധമല്ലേ? എങ്ങനെ ഒരാൾ ക്രിസ്തുവിൽ വിശ്വസിക്കണം, എപ്രകാരം സ്നാനമേറ്റു ക്രിസ്തുവിനോടു ചേരണം? ഒരാൾ രക്ഷിക്കപ്പെടുവാൻ

എന്തെല്ലാം ചെയ്യണം എന്നീ കാര്യങ്ങൾ അവർ മൂടിവെക്കുന്നതു എന്തിന്? ബൈബിളിൽ ഒരേ ഒരു സഭ മാത്രമാണെന്നും അതു ക്രിസ്തുവിന്റെ സഭയാണെന്നും ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ കർത്താവ് അയാളെ തന്റെ സഭയോടു ചേർക്കുമെന്നും അവർ പറയുന്നില്ല (പ്രവൃത്തി 2:47; റോമർ 16:16). അവരെ പഠിപ്പിക്കാതിരിക്കുന്ന മറ്റു കാര്യങ്ങളുമുണ്ട്: ദൈവത്തിന്റെ ആത്മീയ ഭവനമാണ് സഭയെന്നോ, ക്രിസ്തുവാണ് അതിന്റെ തലയും അടിസ്ഥാനവുമെന്നോ, ആ സഭക്കുവേണ്ടിയാണ് അവൻ രക്തം ചിന്തി മരിച്ചതെന്നോ, അവൻ വീണ്ടും വരുന്നതു ആ സഭയെ സ്വീകരിക്കാനാണെന്നോ ഉള്ള സത്യം അവർ മറച്ചു പിടിക്കുന്നു (പ്രവൃത്തി 4:12; 1 കൊരിന്ത്യർ 3:11; കൊലൊസ്സ്യർ 1:18; എഫെസ്യർ 5:23-27).

ഒരു ഭാഗം പ്രസംഗിക്കുകയും വേറൊരു ഭാഗം മറച്ചു പിടിക്കുകയും ചെയ്യുന്നതു വഞ്ചനയാണ്. സത്യം തുറന്നു സംസാരിച്ചാൽ ആളുകൾ നാമധേയ വിഭാഗങ്ങൾ വിടും എന്ന ഭയമാണ് അവരെ അലട്ടുന്നതു. ഇങ്ങനെയുള്ള ഉപദേഷ്ടാക്കന്മാർ ദുരുപദേഷ്ടാക്കളാണ്. അവർ ആളുകളെ തെറ്റിലേക്കു നയിക്കുകയാണ്.

മതപരമായ സ്വാതന്ത്ര്യം നമുക്കുള്ളതുകൊണ്ട് എണ്ണമറ്റ ആളുകളെ ക്രിസ്തുവിന്റെ നാമത്തിൽ കൂട്ടുവാൻ കഴിയുന്നു എന്നതു നല്ല കാര്യം തന്നെ. എന്നാൽ വരുന്നവരിൽ സത്യം കേൾക്കുവാൻ ആഗ്രഹമുള്ളവരും, രോഗശമനം പ്രതീക്ഷിക്കുന്നവരും വീടുകളിലേക്കു പ്രതീക്ഷ മങ്ങിയ മുഖത്തോടെ പോകുന്ന ദയനീയ കാഴ്ചയെ കുറിച്ച് ചിന്തിച്ചുനോക്കൂ. മനുഷ്യനിർമ്മിതമായ വിഭാഗങ്ങളിലെ ഉപദേഷ്ടാക്കന്മാർ ഉള്ളേടത്തോളം അവരുടെ അത്ഭുതരോഗശാന്തി തുടരും. അന്ധരും മുടന്തരും കുഷ്ഠരോഗികളും അങ്ങനെ തന്നെ ഇരിക്കും. കാരണം അവർക്കു സത്യം വെളിപ്പെടുത്തി കിട്ടുന്നില്ല. രോഗികളുടെ നിരാശ മൂത്ത് അവർക്കു ക്രിസ്ത്യാനിത്വത്തിലുള്ള വിശ്വാസം പോലും നഷ്ടമാകും. അപ്പോൾ ഗുണത്തിനുപകരം ദോഷമായിരിക്കും ഈ യോഗങ്ങളുടെ ഫലം.

പ്രിയ സ്നേഹിതരേ, ഇത്രയും ചൂണ്ടിക്കാണിച്ചതു അസൂയ കൊണ്ടോ വിമർശിക്കുവാൻ വേണ്ടിയോ അല്ല. ഈ യോഗങ്ങളിൽ സത്യവചനം ആത്മാക്കൾക്കു പ്രയോജനപ്പെടുന്ന രീതിയിൽ ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവെക്കാതെ പ്രസംഗിച്ചാൽ അതെത്ര

മനോഹരമായി തീരുമായിരുന്നു! അതിനു വിപരീതമായി, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ യോഗങ്ങൾ ദൈവത്തിന്റേതല്ല എന്നു വീണ്ടും പറയുന്നു. നമ്മുടെ കർത്താവും അപ്പൊസ്തലന്മാരും ആവർത്തിച്ച് ആവർത്തിച്ച് ദുരുപദേഷ്ടാക്കളെ മുന്നറിയിച്ചിട്ടുണ്ട്. അന്നുണ്ടായിരുന്ന ആളുകളെ മുന്നറിയിച്ചിരുന്ന ആ വഞ്ചനയിൽ നാം ഇന്ന് കുടുങ്ങാതിരിക്കാൻ നമ്മെ ബോധ്യപ്പെടുത്തുകയാണ്. ഭിന്നിപ്പ് ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണം എന്നത്രെ പൗലൊസ് പറഞ്ഞിരിക്കുന്നതു, അവർ ആളുകളുടെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് കർത്താവിനെ അല്ല, സ്വന്തം വയറിനെ അത്രേ സേവിക്കുന്നതു (റോമർ 16:17, 18).

അതിന് എന്റെ വാക്കുകൾ നിങ്ങൾ എടുക്കേണ്ട കർത്താവിന്റെ വചനം പഠിച്ച് അവരുടെ പ്രസംഗങ്ങൾ തിരുവചനപ്രകാരമോ എന്ന് താരതമ്യം ചെയ്തുനോക്കുവിൻ. അപ്പൊസ്തലൻമാരെ യേശു ക്രിസ്തു എന്തു പഠിപ്പിച്ചുവെന്നും അവർ ജനങ്ങളെ എന്തു ഉപദേശിച്ചു എന്നും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രക്ഷിക്കപ്പെടുവാൻ ഒരാൾ എന്തു ചെയ്യണമെന്ന് അപ്പൊസ്തല പ്രവൃത്തികൾ പരിശോധിച്ചാൽ വ്യക്തമാകും. എന്നിട്ട് ഈ യോഗങ്ങളിൽ അവർ പ്രസംഗിക്കുന്നതുമായി ഒത്തുനോക്കുക. ഈ സുവിശേഷ പ്രാസംഗികർ നിങ്ങളോടു പറയുകയാണ്, "രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരെല്ലാം കൈ ഉയർത്തുവിൻ" എന്ന്. എല്ലാവരും കൈകൾ ഉയർത്തി. അല്ലെങ്കിൽ യേശുവിനെ കർത്താവായി അംഗീകരിപ്പിൻ; അവനെ നിങ്ങളുടെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിപ്പിൻ എന്നു പറഞ്ഞാൽ നിങ്ങൾ ചെയ്യേണ്ടതു; ഇതെല്ലാം ദൈവം പറഞ്ഞിരിക്കുന്നതാണോ എന്നു ബൈബിൾ തുറന്നു പരിശോധിക്കണം. അപ്പോൾ ഇതൊന്നും ബൈബിളിൽ കാണുന്നില്ല എന്നു ബോധ്യമാകും.

സഭയെ സംബന്ധിച്ച് കർത്താവും പുതിയ നിയമ എഴുത്തുകാരും എന്തു പറഞ്ഞിരിക്കുന്നു എന്നു ശ്രദ്ധിക്കുക. അതോടൊപ്പം ഈ സുവിശേഷ പ്രാസംഗികർ സഭയെപ്പറ്റി പ്രസംഗിക്കുന്നതുമായി തുലനം ചെയ്യുക. ചിലർ സഭയെ പറ്റി എങ്ങും തൊടാതിരിക്കും. മറ്റു ചിലർ സഭയേതായാലെന്താ എന്ന അർത്ഥത്തിൽ സംസാരിക്കും. നാമധേയ വിഭാഗങ്ങളുടെ കൂട്ടം വീണ്ടും ആഗ്രഹിക്കുന്നവ

രാണ് അവർ. അതുകൊണ്ട് പ്രസംഗം എല്ലാവർക്കും സമ്മതമാം വണ്ണം ആയി തീരും. ദൈവസമ്മതമല്ല അവർക്കു പ്രധാനം. ഈ മീറ്റിങ്ങുകളിൽ സംബന്ധിക്കുന്നവർ കേൾക്കുന്നതു കർത്താവിന്റെ സത്യം ആണോ? സത്യം മുഴുവൻ അവർ ആ വിഷയത്തെ കുറിച്ച് കേട്ടോ എന്നൊന്നും തിരിച്ചറിയാറില്ല എന്നതാണ് പരമാർത്ഥം. എത്ര ദുഃഖകരമാണ്!

ഈ സ്ഥിതികൾക്കു മാറ്റം സംഭവിക്കുമോ? നാം ജീവിക്കുന്നതു പ്രത്യാശയിലാണ്. അതുകൊണ്ട് ആളുകളുടെ ഉള്ളിൽ സംശയം ജനിച്ചാൽ ചോദ്യങ്ങളായി മാറും. അപ്പോൾ ആളുകളുടെ കണ്ണുകൾ തുറന്നെന്നു വരും. സത്യത്തെ സ്നേഹിക്കുന്നവർ അതിനു അണുവിടപോലും വിട്ടുകൊടുക്കാതെ അതു മാത്രം മതി എന്ന അവസ്ഥയിലാകും. അങ്ങനെ സംഭവിക്കുന്ന കാലം വിദൂരമല്ല എന്നു നമുക്കു പ്രത്യാശിക്കാം. അതു നടക്കണമെങ്കിൽ കൂടുതൽ പേർ ബൈബിൾ വായിക്കുകയും മനുഷ്യരുടെ മോഹന വാഗ്ദാനങ്ങളിലോ അവരുടെ അംശബോധനത്തിലോ ആശ്രയിക്കാതെ കർത്താവിന്റെ ഇഷ്ടത്തിൽ മാത്രം തൃപ്തിയടയുവാൻ തുനിയണം. പൊതുജനങ്ങളെ നോക്കുമ്പോൾ മിക്കവാറും പേർ ഭൂരിപക്ഷം പേർ എങ്ങനെ പോകുന്നു? അവരെ അനുഗമിക്കാൻ വെമ്പൽകൊള്ളുന്നവരാണ്. അതുകൊണ്ടാണ് അവർ ഇത്തരം മീറ്റിങ്ങുകളേയും പ്രസംഗകരേയും വിശ്വസിക്കുന്നതു.

മറ്റുള്ളവർ എന്തു ചെയ്താലും നിങ്ങൾക്കു കർത്താവിന്റെ ഇഷ്ടം നിറവേറ്റാൻ താൽപര്യമുണ്ടെങ്കിൽ പ്രത്യാശ കൈവരിക്കാൻ കഴിയും. ദൈവം ആജ്ഞാപിച്ചിരിക്കുന്നതു മാത്രം അംഗീകരിപ്പാനും അതിൽ നിലനിൽപാനും നിങ്ങൾക്കു ധൈര്യം ഉണ്ടാകണം. അതു ചെയ്യുവാൻ നിങ്ങളെ ഉത്തേജിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്രയും സൂചിപ്പിച്ചതു. ദയവു ചെയ്തു എന്നെയോ ഒരു മനുഷ്യനെയോ പിൻപറ്റാതിരിക്കുക. ക്രിസ്തുവിനെ മാത്രം അനുഗമിക്കുക. അങ്ങനെ ചെയ്താൽ രക്ഷാകരമായ പ്രത്യാശ നിങ്ങൾക്കു ആസ്വദിക്കാം. അതാണ് ഏതൊരു മനുഷ്യനും വേണ്ട ദൈവേഷ്ടം.

*

# ബൈബിൾ
# അതി പുരാതനമോ?

### ജോൺ ജിപ്സൺ

വേദപുസ്തകം പണ്ടു പണ്ടേ എഴുതപ്പെട്ടതാണ്. അന്നത്തെ ആളുകൾക്കുവേണ്ടി എഴുതിയതാണ്. ഈ ആധുനിക കാലഘട്ടത്തിൽ അതിനു മാറ്റം വരുത്തേണം. പഴഞ്ചൻ ആശയങ്ങളല്ല ഇന്ന് പുതു പുത്തൻ ആശയങ്ങളാണ് ആവശ്യം എന്നെല്ലാം ചിലർ പറയുന്നതു നിങ്ങൾ കേട്ടിരിക്കുമല്ലൊ. 21-ാം നൂറ്റാണ്ടിൽ പ്രവേശിച്ചിരിക്കുന്ന സംസ്ക്കാരസമ്പന്നരായ നമ്മുടെ സാഹചര്യത്തിനു പറ്റിയതല്ല തിരുവചനമെന്ന് അവർ അനുമാനിക്കാൻ കാരണം ആചാരവിടവ് എന്നു പറയുന്നു. ഇതിന്റെ നിജസ്ഥിതി പരിശോധിക്കാവുന്നതാണ്. മാനുഷികബുദ്ധിയിൽ ഒതുങ്ങുന്ന ഒന്നല്ലല്ലൊ ദൈവത്തിന്റെ വചനം.

അവർ പറയുന്നത് വാസ്തവമെങ്കിൽ,. എന്തുകൊണ്ട് ഏറ്റവും കൂടുതൽ വിറ്റഴിയുന്നതു ബൈബിളായി തുടരുന്നു? ഓരോ വർഷവും അതിന്റെ വിൽപന വർദ്ധിക്കുകയാണ്. അതിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ അറിയുവാൻ ജനങ്ങൾക്കുള്ള ഉൽക്കണ്ഠയാണ് അതു വെളിവാക്കുന്നതു.

വേദപുസ്തകം മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആളുകൾ വാങ്ങുകയും വായിക്കുകയും ചെയ്യുന്നതായിട്ടാണ് എന്റെ വീക്ഷണത്തിൽ എനിക്കു മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളതു. ഒരു ദീർഘദൂര യാത്രയിൽ എന്റെ ഇടതുവശത്ത് ഇരുന്നിരുന്ന യൂണിവേഴ്സിറ്റിയിലെ ഒരു പെൺകുട്ടിയും വലതുവശത്ത് ഇരുന്നിരുന്ന വൃദ്ധനായ ഒരു വ്യാപാരിയും ബൈബിൾ വായിച്ചുകൊണ്ടാണ് യാത്ര ചെയ്തതു. വ്യക്തമായി പറഞ്ഞാൽ ഏതു കാലഘട്ടത്തിനും നൂറ്റാണ്ടിനും അനുയോജ്യമായ പുസ്തകമാണ് ബൈബിൾ. അതിലെ ഉള്ളടക്കങ്ങൾ മനുഷ്യജീവിതത്തിലെ എല്ലാ വശങ്ങളും വെളിപ്പെടുത്തിയിരിക്കുന്നു. ഓരോ പ്രവൃത്തിക്കും അതിന്റെ ഫലം ഉണ്ടെന്ന് വേർതിരിച്ച് കാണിച്ചിരിക്കുന്നു.

★

സ്ത്രീകൾക്കു വേണ്ടി

# സ്ത്രീയുടെ വില

ബെറ്റി. B.C.

## അവളുടെ ദൈവത്തോടുള്ള ഭക്തിയിൽ

വിലയുള്ള ഒരു വസ്തുവാണോ സ്ത്രീ? ഈ ചോദ്യം വിഭിന്നരായ ആളുകളോടു ചോദിച്ചുനോക്കിയാൽ കിട്ടുന്ന ഉത്തരവും വിഭിന്നങ്ങളായിരിക്കും. ചില സ്ഥലങ്ങളിലെ നടപ്പ് അനുസരിച്ച് അമ്മയുടെ പേരായിരിക്കും കുടുംബത്തിന് ഇടുക. തന്നെയുമല്ല സ്ത്രീയാണ് ആ വീട്ടിലെ എല്ലാ അവകാശങ്ങൾക്കും ഉടമ. തങ്ങളുടെ പെൺകുട്ടികൾക്കു വലിയൊരു സംഖ്യ സ്ത്രീധനം ആവശ്യപ്പെടുമ്പോൾ മാതാപിതാക്കൾക്കു അതു താങ്ങുവാൻ പറ്റാത്ത ഒരു ഭാരമായി തീരുന്നു. സ്വതന്ത്രമായി ഗർഭച്ഛിദ്രം നടത്തുന്നതിനു ഇരയാവുന്നതിൽ അധികവും പെൺകുഞ്ഞുങ്ങളാണ് ഇന്ന്. വേറെ ഒരു സ്ഥലത്തു പ്രസവിച്ചു വീഴുന്ന ശിശു പെണ്ണാണെങ്കിൽ, ആ കുട്ടിയെ വളർത്തിയെടുക്കാനോ ആഹാരവും വസ്ത്രവും മറ്റും വാങ്ങി കൊടുക്കാനോ കഴിവില്ലാത്തവരുണ്ട്. അതിനു കഴിവുണ്ടായാലും വിവാഹം ചെയ്തുകൊടുക്കാൻ നിർവ്വാഹമില്ലാത്തവരുണ്ട്. അവർ പിറന്നുവീഴുന്ന ഈ പെൺകുരുന്നുകളെ വിഷം കൊടുത്തു കൊന്നുകളയും. സ്ത്രീക്കു യാതൊരു അവകാശവും കൽപിക്കാത്ത മതങ്ങൾ ഉണ്ട്. സാക്ഷികളുടെ മുൻപാകെ ഒരു ഭർത്താവ് തന്റെ ഭാര്യയെ നിർത്തി "ഞാൻ നിന്നെ ഉപേക്ഷിക്കുന്നു" എന്നു മൂന്നു പ്രാവശ്യം പറഞ്ഞാൽ അതു വിവാഹമോചനമായി മാറും. മറ്റൊരു മതം പറയുന്നതു സ്ത്രീ ശരീരത്തിലെ ആത്മാവിനു "നിർവ്വാണം" പ്രാപിപ്പാൻ കഴിയുകയില്ല എന്നാണ്.

എന്നാൽ മനുഷ്യജാതിയിൽ പിറന്ന നാരി വാസ്തവത്തിൽ വിലയില്ലാത്ത ഒരു സാധനമാണോ?

ഓരോ പുരുഷനും തന്റെ ജീവിത പങ്കാളിയായി ഓരോ സ്ത്രീയെ നല്കത്തക്ക പദ്ധതി ഒരുക്കിയതു ദൈവമാകയാൽ, ദൈവത്തിനു തന്റെ ദാനം ഒരിക്കലും വെറുക്കത്തക്കതായി തോന്നുകയില്ല എന്നു സ്പഷ്ടം. പുരുഷൻ സ്ത്രീയെ കൂടാതെ അതായതു ഭാര്യാഭർത്തൃ

പങ്കാളിത്തം മനുഷ്യ വർഗ്ഗത്തിനു ഇല്ലായിരുന്നുവെങ്കിൽ ആദാമിനോടു കൂടെ മനുഷ്യവംശം ഇല്ലാതാകുമായിരുന്നു. പാപത്തിന്റെ വാതിൽ ആദ്യം തുറന്നതു ഹവ്വയാണെങ്കിലും ദൈവം അവളെ നിരാകരിച്ചില്ല. സാത്താനെ നശിപ്പിക്കുന്നവനെ ദൈവം വാഗ്ദാനം ചെയ്യുന്നതു അവളുടെ സന്തതി മുഖാന്തരമാണ് (ഉല്പത്തി 5:15). ഒരു മനുഷ്യ സ്ത്രീയിൽ കൂടെ ദൈവപുത്രനായ യേശു ജനിച്ചപ്പോൾ അതു നിവർത്തിയായി (ഗലാത്യർ 4:4). ദൈവത്തിനു വേണമെങ്കിൽ മറ്റേതെങ്കിലും വഴിയിൽ രക്ഷകനെ ഇവിടേക്കു കൊണ്ടുവരുവാൻ കഴിയുമായിരുന്നു. പക്ഷെ ഒരു സ്ത്രീയെ അതിനു പാത്രമായി എടുത്തു. മറിയയെത്തന്നെ തിരഞ്ഞെടുത്തു, അവർ അവന്നു ജന്മം നല്കി. ആ ശിശുവിനെ അവർ പരിപാലിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു.

കർത്താവിന്റെ ദൂതൻ മറിയക്കു പ്രത്യക്ഷനായി പറഞ്ഞത്: കൃപ ലഭിച്ചവളേ നിനക്കു വന്ദനം! കർത്താവു നിന്നോടുകൂടെ ഉണ്ട് എന്നത്രെ. ദൈവം ആ സ്ത്രീയെ അംഗീകരിച്ചതായി ഇതിൽ നിന്നും തെളിയുന്നു. ഇനി യേശുക്രിസ്തു വളർന്നു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ സംഭവിച്ചതു എന്ത് എന്ന് നോക്കാം. അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ടു പട്ടണം തോറും സഞ്ചരിച്ചു അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൗഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തുവകകൊണ്ടു അവർക്കു ശുശ്രൂഷ ചെയ്തു പോന്ന മറ്റു പല സ്ത്രീകളും ഉണ്ടായിരുന്നു (ലൂക്കൊസ് 8:1-3). ഉയിർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷനായതു ഒരു സ്ത്രീയ്ക്കായിരുന്നു. താൻ ജീവിക്കുന്നു എന്ന സന്ദേശം അവന്റെ ശിഷ്യന്മാരെ അറിയിക്കുവാൻ ആദ്യം ആവശ്യപ്പെട്ടതും ഒരു സ്ത്രീയോടായിരുന്നു (യോഹന്നാൻ 20:11-18). അവൻ എല്ലാ മനുഷ്യർക്കും; പുരുഷന്മാർക്കും സ്ത്രീകൾക്കും തന്റെ രക്ഷ വാഗ്ദാനം ചെയ്യുകയുണ്ടായി (മത്തായി 24:40, 41).

സ്ത്രീകൾ പലപ്പോഴും തങ്ങളുടെ സ്വാധീന വ്യാപ്തി ചെറുതാണെന്നും തങ്ങളുടെ സ്നേഹവും ദൈവത്തോടുള്ള ഭക്തിയും അത്ര

വില മതിച്ചതല്ല എന്നും കരുതുന്നു. സ്ത്രീകൾ പരസ്യാരാധന നയിക്കുന്നില്ല. സ്ത്രീകൾ പരസ്യമായി പ്രസംഗിക്കുന്നുമില്ല. ഒരു സ്ത്രീക്കു ദൈവത്തോടുള്ള അവളുടെ വിശ്വസ്തത തെളിയിക്കുവാൻ അവൾ എന്താണ് ചെയ്യുക? ലോകത്തിൽ അവളുടെ ജീവിതം യഥാർത്ഥത്തിൽ വ്യത്യാസമുള്ളതായി കാണുവാൻ എങ്ങനെ കഴിയും?

ഒരു ക്രിസ്തീയ സ്ത്രീയെ എനിക്ക് അറിയാം. അവർ കോളേജിൽ പോയിട്ടില്ല. അവൾ ഒരിക്കലും ഒരു പുസ്തകം എഴുതിയിട്ടില്ല. സഭയിലെ ഏതാനും ചില സ്ത്രീകളേയും കുട്ടികളേയും മാത്രം അവൾ പഠിപ്പിക്കയുണ്ടായി. അവൾ ഒരിക്കലും സുവിശേഷപരമായ യാത്രയും നടത്തിയിട്ടില്ല.

അവൾ എന്താണ് ചെയ്തതു? വിവാഹശേഷം നീണ്ട അറുപതു വർഷത്തോളം വിശ്വസ്തയായ ദൈവപൈതലായി അവൾ ജീവിച്ചു. അവളുടെ ആത്മിയ ശക്തി അവളുടെ ഭർത്താവിനു പ്രചോദനവും ആത്മിയ ശക്തിയും പകർന്നുകൊടുത്തു. അവളുടെ കുട്ടികളുടെ നിരന്തരമായ ഓർമ്മ, അവർക്കു വീട്ടിൽ നിന്നു കിട്ടിയ നിറം പകർന്ന വിശ്വാസ മാതൃകയായിരുന്നു. അവളുടെ വ്യക്തിപരമായ ഉപദേശത്തിൽ കൂടെ അനേകം പേർ ക്രിസ്ത്യാനികളായി തീർന്നു. അവൾ കാണിച്ചുകൊടുത്ത് വിശ്വാസമാതൃക അവളുടെ മക്കളിലേക്കും കൊച്ചുമക്കളിലേക്കും അവരുടെ മക്കളിലേക്കും വ്യാപരിച്ചു. അവർ ഉൽസാഹത്തോടെ പ്രവർത്തനനിരതരായ ക്രിസ്ത്യാനികളായി ജീവിക്കുന്നു.

കൂടാതെ വിദേശങ്ങളിൽ പോയി ദൈവവേല ചെയ്തുകൊണ്ടിരിക്കുന്ന മിഷനറിമാരിൽ ഒരു കുടുംബം അവളുടേതാണ്. ഏതാണ്ട് മുപ്പതു വർഷമായി കർത്താവിന്റെ സഭയുടെ പ്രവർത്തകരായി അക്ഷീണം യത്നിക്കുകയാണ് അവർ. റേഡിയോ, സാഹിത്യപ്രസിദ്ധീകരണങ്ങൾ എന്നീ മാദ്ധ്യമങ്ങൾ അവർ ഉപയോഗിച്ചുവരുന്നു. അമേരിക്കയിലെ ക്രിസ്ത്യാനികളുടേയും വിദേശത്തുള്ള ക്രിസ്ത്യാനികളുടേയും സഹായത്തോടെ അവർ റേഡിയോ പ്രസംഗകരും എഴുത്തുകാരുമായി പ്രയത്നിക്കുന്നു. ധാരാളം ആത്മാക്കൾ രക്ഷിക്കപ്പെടുന്നതും ഇടവകകൾ ആരംഭിക്കപ്പെടുന്നതും അവർ കാണുകയുണ്ടായി. അവരുടെ യോജിച്ച പ്രവർത്തനത്തിന്റെ ഫലമായി

സത്യമാകുന്ന വിത്ത് ദൂരത്തും വിശാലമായും വിതക്കപ്പെടുകയും മുളെച്ചു വളർന്നു ഫലം കായ്ക്കുകയും ചെയ്തു വരുന്നു.

ആ സ്ത്രീയുടെ യൗവ്വന കാലങ്ങളിലേക്കു ഒന്നെത്തി നോക്കിയാൽ അവളുടെ ജീവിതത്തിലെ ആ സമർപ്പണം കാരണം അസംഖ്യം ആളുകൾക്കു ദൈവത്തെ കുറിച്ചു അറിയുവാൻ അവസരം കിട്ടിയിട്ടില്ലേ? അവളുടെ മാതാപിതാക്കളോ സഹോദരീ സഹോദരങ്ങളോ ക്രിസ്ത്യാനികളായി തീരാതിരിക്കുമ്പോൾ അവൾ മാത്രം അവളുടെ അർപ്പണത്തിൽ തന്നെ പിടിച്ചു നിന്നു. കുലുങ്ങാതെ ഉറപ്പുള്ള വിശ്വാസത്തിൽ അടി പതറാതെ അവൾ നിന്നു. അവൾക്കു ചുറ്റുപാടുമുണ്ടായിരുന്ന ലൗകിക മനുഷ്യർക്കു, പിന്നീടു ജനിക്കാനിരിക്കുന്ന തലമുറകൾക്കു അവളുടെ ആത്മീയ നിലപാട് ആവേശമായി, ശക്തിയായി സ്വാധീനിക്കത്തക്കതായി മാറി.

ആകയാൽ, ക്രിസ്തീയ സ്ത്രീയേ, ദൈവത്തോടുള്ള ഭക്തിയിൽ നീ ശക്തി സംഭരിക്കുക. ദൈവം, മൃദുവായ കളിമണ്ണുകൊണ്ടു മെനഞ്ഞ മനുഷ്യരെ നിന്റെ കൈകളിൽ കുട്ടികൾ എന്ന രൂപേണ ഏല്പിച്ചിരിക്കയാണ്. അതിനെ എങ്ങനെ രൂപപ്പെടുത്തണം? അതിന്റെ സ്വാധീന ശക്തി എത്ര വിപുലമാക്കണം? അവരെ എങ്ങനെ വളർത്തണം? അതു നിന്റെ വിശ്വസ്ഥതയെ ആശ്രയിച്ചിരിക്കും. ദൈവവചനം പഠിക്കുകയും അവന് നിന്റെ ജീവിതത്തിൽ മുഖ്യസ്ഥാനം നൽകിയും നിന്റെ ഹൃദയത്തിൽ വേരൂന്നിയ സത്യവും സ്നേഹവും മറ്റു ഹൃദയങ്ങളിലേക്കു പകർന്നു കൊടുക്കയും ചെയ്യുക. മറ്റൊരു ജീവിതവും ഇത്രമാത്രം ശ്രേഷ്ഠമല്ല.

✶

# പരിശുദ്ധാത്മാവിൽ നിറയപ്പെടുന്നതെങ്ങനെ? ജീവിക്കുന്നതെങ്ങനെ?

## റ്റി. സി. രാജൻ തുമരംപാറ

വീണ്ടും നോക്കുമ്പോൾ ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും എന്നു പറഞ്ഞിരിക്കുന്നു. രക്ഷിക്കപ്പെട്ടശേഷം കാത്തിരുന്നു രണ്ടാമതു കിട്ടുന്ന ദാനമല്ല ഇത്. ആദ്യദാനം എന്ന് വ്യക്തമായി (റോമർ 8:26)ൽ പറഞ്ഞിരിക്കുന്നത് നിഷേധിക്കുവാൻ കഴിയു

കയില്ല. ഇതിൽ നിന്നും നാം കർത്താവിനെ അനുസരിക്കുമ്പോൾ തന്നെ ആത്മാവിനെ ലഭിക്കുന്നു എന്ന് നിസ്തർക്കമായി മനസ്സിലാക്കാം. എന്നാൽ കാത്തിരിക്കുന്നതിൽ തെറ്റില്ല. അത് ആത്മപ്രാപണത്തിനായിരിക്കരുത്; നേരെ മറിച്ച് ആത്മനിറവിനായി പ്രവർത്തിക്കണം. ഈ വിഷയം അടുത്തതായി ചിന്തിക്കാവുന്നതാണ്.

## ആത്മാവിൽ നിറയപ്പെടുക എന്നാൽ എന്ത്?

1. ക്രിസ്തുവിൽ നിറയുക (നിയന്ത്രിക്കപ്പെടുക): നാം ഈ സംരംഭത്തിനായി കാത്തിരിക്കുന്നതിൽ തെറ്റില്ല. കാരണം ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴിയുന്നതല്ല. നമ്മുടെ ശരീരം, മനസ്സ് ചിന്ത എല്ലാം തന്നെ ദൈവത്തിൽ നിരന്തരം ഏല്പിച്ചുകൊണ്ടിരിക്കണം (നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കണം) എന്നർത്ഥം. (1 കൊരി. 6:17-20) വായിക്കുമ്പോൾ "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നുവല്ലോ. ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ." ദുർന്നടപ്പു ചെയ്യുന്നവന് ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയുമോ? അപ്പൊസ്തലനായ പത്രോസ് പറയുന്നത് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് അഴിഞ്ഞുപോകുന്ന വസ്തുവിനെ കൊണ്ടല്ല പിന്നെയോ നിർദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ (ക്രിസ്തുവിന്റെ) രക്തത്താൽ ആണ് എന്നു പറഞ്ഞിരിക്കുന്നു. പൗലൊസ് ശ്ലീഹാ പറയുന്നത് നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ ഇനി നിങ്ങൾക്ക് സ്വന്തമായി പ്രവർത്തിപ്പാനോ സ്വന്ത ഇഷ്ടത്തിന് ജീവിക്കുവാനോ വേണ്ടിയല്ല. നിങ്ങൾ എന്റെ വകയാണ് (കർത്താവിന്റെ). ആകയാൽ നാം നമ്മുടെ ദൈനന്ദിന ജീവിതത്തിൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. വേറിട്ട് ഒരു സ്ഥലത്ത് അൽപം ജലവുമായിരിക്കുന്ന പാത്രം അതേ നിലയിൽ ഇരുന്നാൽ അത് ഒരിക്കലും നിറയുകയില്ല. പാത്രം നിറയണമെങ്കിൽ വെള്ളം മറ്റൊരു പാത്രത്തിൽ നിന്ന് ഒഴിച്ചുകൊടുക്കേണം. എന്നാൽ വെള്ളം ഒഴിക്കുന്ന സന്ദർഭത്തിൽ അത് ഒരേ സമയം നിറയപ്പെടുന്നില്ല. പിന്നെയോ ഒഴിക്കുന്തോറും അത് നിറഞ്ഞു നിറഞ്ഞു വരികയാണ് ചെയ്യുന്നത്. അതുപോലെ നമ്മുടെ ദൈന

ന്തിന ജീവിതത്തിൽ ശുദ്ധീകരിച്ച് ദൈവത്തോട് അടുത്തുവരുമ്പോൾ, ഏൽപിച്ചുകൊടുക്കുമ്പോൾ മാത്രമേ ആത്മാവിൽ നിറയപ്പെടുവാൻ കഴിയുകയുള്ളൂ. അതിനായി നാം ഒരുങ്ങി ഏൽപിച്ചുകൊടുത്തു കൊണ്ടിരിക്കണം.

2. ഫലം പുറപ്പെടുവിക്കുക: പൗലൊസ് പറയുന്നു: 'ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴികവന്നിരിക്കുന്നു' എന്നിങ്ങനെ സമയത്തെ അറികയാൽ തന്നെ എന്നു തുടങ്ങി അനേകം കാര്യങ്ങളെപ്പറ്റി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു (റോമർ 13:11-14). ഗലാത്യലേഖനക്കാരൻ പറയുന്നതുപോലെ ആത്മാവിൽ നിറയപ്പെട്ടു കഴിയുമ്പോൾ ഫലങ്ങൾ പുറപ്പെടുവിക്കും; അതിനുള്ള നാഴിക വന്നിരിക്കുന്നു (ഗലാ. 5:22). കാരണം ഓരോ ദിവസം കഴിയുംതോറും രക്ഷ നമുക്ക് ഏറ്റവും അടുത്തുവന്നുകൊണ്ടിരിക്കുകയാണ്; രാത്രി കഴിവാറായി. രാത്രിയും പകലും ഒരുപോലെ സമ്മേളിച്ചിരിക്കുന്നു. ഉണർന്നു ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക (വെളി. 3:2).

3. വചനത്തെ ഉൾക്കൊള്ളുക (മനസ്സിലാക്കുക): അപ്പൊസ്തല പ്രവൃത്തികളിൽ പത്രൊസിനോടും ശേഷം അപ്പൊസ്തലൻമാരോടും വചനം കേട്ടു ഹൃദയത്തിൽ കുത്തുകൊണ്ടിട്ട് (വിശ്വാസം വന്നിട്ട്) സഹോദരൻമാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിക്കുന്നു (അപ്പൊ. 2:37). തേരിൽ ഇരുന്നു കൊണ്ട് യെശയ്യാ പ്രവചനം വായിച്ച ഷണ്ഡന്റെ ഉള്ളിൽ വചനം ഫിലിപ്പോസ് മുഖാന്തിരം ഗ്രഹിക്കപ്പെട്ടപ്പോൾ മനസ്സിലാക്കി. ദൈവ കല്പന അനുസരിക്കുവാൻ തയ്യാറായി ദൈവവചനം യഥാർത്ഥമായി നാം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. വചനം കേട്ടതു കൊണ്ടു മാത്രമായില്ല അത് നമ്മുടെ ഉള്ളിൽ ജീവിക്കേണം. ജീവിച്ചാൽ മാത്രം പോരാ. അത് വളർന്ന് ഫലം പുറപ്പെടുവിക്കുവാൻ തക്ക വളർച്ചയിൽ എത്തിച്ചേരേണ്ടതാണ്.

## ഒരു സാധാരണ വിശ്വാസി പരിശുദ്ധാത്മാവിൽ നിറയപ്പെടാത്തതെന്തുകൊണ്ട്?

1. അറിവില്ലായ്മ: പരിശുദ്ധാത്മാവിനെപ്പറ്റിയും അവന്റെ സ്വഭാവത്തെയും പ്രവർത്തനത്തെയും പറ്റി അറിയേണ്ടത് അത്യാവശ്യമാണ്.

2. അവിശ്വാസം: ആത്മാവിൽ പൂർണ്ണ വിശ്വാസം ഉണ്ടായിരിക്കുകയും ഏൽപ്പിച്ചുകൊടുക്കയും വേണം.

## ആത്മാവിൽ നിറയപ്പെടാൻ എങ്ങനെ സാധിക്കും

അഞ്ചുവിധ കാര്യങ്ങൾ നാം സ്വയമായി ചെയ്യേണ്ടതുണ്ട്.

1. വിശ്വാസം ഉണ്ടായിരിക്കണം (എബ്രാ. 11:6).
2. ആഗ്രഹിക്കണം (സങ്കീ. 20:4).
3. ഹൃദയം ഒരുക്കമുള്ളതായിരിക്കണം (സങ്കീ. 51:10).
4. പാപങ്ങളെ ഏറ്റു പറയണം (ഓരോ ദിവസവും) (സങ്കീ. 19:12-14).
5. പരിപൂർണ്ണ സമർപ്പണം (ദൈവേഷ്ടത്തിനായി അനുസരണം) (ലൂക്കോ. 22:42).

## പരിശുദ്ധാത്മാവിനാൽ നിറഞ്ഞുവെന്ന് ഉറപ്പുവരുത്തുക

ഒരു ക്രിസ്തുവിശ്വാസി യഥാർത്ഥമായി ദൈവാത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ അവന് വെറുതെ ഇരിക്കുവാനാകില്ല; സ്തെഫാനോസിനെപ്പോലെ (അപ്പൊ. 7:55), ദൈവമഹത്വം കാണുവാനും അവനുവേണ്ടി തന്റെ ജീവനെ കളയുവാൻ കൂടി തയ്യാറാകും. ആത്മാവു നിറഞ്ഞവരായി മൂകമായി ഇരിക്കുകയില്ല. മറ്റുള്ളവർ എന്തുകരുതും എന്നു വിചാരിച്ച് ദുരഭിമാനത്തോടെ ഇരിക്കുവാൻ പാടില്ല. യഹോവ ചെയ്ത സകല ഉപകാരങ്ങൾക്കും ഞാനെന്തു പകരം കൊടുക്കും, രക്ഷയുടെ പാനപാത്രമെടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും എന്നു (116:12-14) സങ്കീർത്തനക്കാരനോടു ചേർന്നു അഭിമാനത്തോടെ തലകളെ ഉയർത്തി ലജ്ജിക്കാതെ രാജാക്കന്മാരുടെ മുൻപിലും ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രസ്താവിക്കും എന്നു പറയുകയും പ്രവർത്തിക്കുകയും മാത്രമല്ല, ആത്മാവ് നിറഞ്ഞു കഴിയുമ്പോൾ അവനിൽ നിന്ന് ഉൽഭൂതമാകുന്ന കാര്യങ്ങളെപ്പറ്റി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. 'ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം

ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ" ഇത് കർത്താവിന്റെ കല്പനയാണ്. നാം അപേക്ഷിക്കുന്ന കാര്യങ്ങൾ ലഭിക്കുമ്പോൾ നമുക്ക് ഇത് മനസ്സിലാക്കുവാൻ കഴിയും (1 യോഹ. 5:14-15). ഈ ആത്മനിറവ് നാം പ്രാപിച്ചു കഴിയുമ്പോൾ അതിബഹുലമായ ഒരു ഉത്തരവാദിത്വത്തിലേക്ക് കടക്കുകയാണ് നാമോരോരുത്തരും.

## ആത്മാവിൽ പോരാടുവാൻ തയ്യാറാവുക

മേൽ പ്രസ്താവിച്ച വിധം നാം ആത്മാവിനാൽ നിറയപ്പെട്ടു കഴിയുമ്പോൾ ആയുധമേന്തി ആത്മാവിൽ പോരാടുവാൻ നാം പോർക്കളത്തിൽ തയ്യാറായി നിൽക്കുകയാണ് ചിരം ജീവികളായി. പിശാചിന്റെ തന്ത്രങ്ങളെ കീഴ്മേൽ മറിക്കുവാൻ ഒരുക്കത്തോടെ, ധൈര്യത്തോടെ നിൽക്കുക. നാം അധൈര്യപ്പെടേണ്ട ആവശ്യമില്ല. കർത്താവ് നാൽപതു ദിവസം ഉപവസിച്ചശേഷം പരീക്ഷകൻ അടുത്തുവന്നുണ്ടായ അനുഭവം നാം മനസിലാക്കുക (മത്താ. 4:1). നാം പിശാചിന്റെ തന്ത്രങ്ങളെ അറിയാത്തവരല്ലല്ലോ. ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു കഴിയുമ്പോൾ പിശാച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ച് നമ്മെ തകർക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. പിശാചിനു ഇടം കൊടുക്കാതെ സുബോധമുള്ളവരും നിർമ്മലരുമായി ഭക്തിയോടെ കർത്താവിനെ സേവിപ്പാനും, എഫെസ്യർ 6:10-18 വരെയുള്ള വാക്യങ്ങൾ വായിച്ചു മനസ്സിലാക്കി പോർക്കളത്തിൽ പിശാചിൽ നിന്ന് അനേകരെ വെട്ടിവീഴ്ത്തി യൂദ പറയുന്നതു പോലെ തീയിൽ നിന്ന് ചിലരെ വലിച്ചെടു (യൂദ 23)ക്കുവാൻ തയ്യാറായി സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് പോർക്കളത്തിൽ മുന്നേറാം. പുറകോട്ട് തിരിഞ്ഞു പോകാതെ ഓരോ ചുവട് മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കർത്താവിനെ സേവിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാവരേയും ഒരുക്കട്ടെ, ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമ്മുടെ പോരാട്ടം ജഡരക്തങ്ങളോടല്ല മറിച്ച് ദുഷ്ടാത്മസേനയോടത്രെ. അതാണു നാം മനസ്സിലാക്കേണ്ടത്.

✶

# കഷ്ടതയും തിന്മയും എന്ന പ്രശ്നം

ജോർജ്. ഏ

കഷ്ടതയും പ്രയാസവും ദുഃഖവും ദുരിതവും മനുഷ്യജീവിതത്തിലെല്ലാം കാണപ്പെടുന്നുണ്ട്. ദൈവത്തെ അനുസരിച്ചു ജീവിക്കുന്നവരിലും അല്ലാത്തവരിലുമുണ്ട്. എന്നാൽ അതിൽ വ്യത്യാസം ഉണ്ട്. അതു നാം മനസ്സിലാക്കണം. എന്തുകൊണ്ട് നിരപരാധികൾ കഷ്ടം അനുഭവിക്കുന്നു? എന്തുകൊണ്ട് ശിശുക്കൾ അംഗവൈകല്യത്തോടെ ജനിക്കുന്നു? നിരപരാധികൾ കൊല്ലപ്പെടുന്നുണ്ട്, ദശലക്ഷക്കണക്കിനു ആളുകൾ അവരുടെ വീടും സ്വത്തും ഉപേക്ഷിച്ചു പലായനം ചെയ്യുന്നുണ്ട്. അതെല്ലാം എന്തുകൊണ്ട്? എന്തുകൊണ്ടാണ് ഭൂമി കുലുക്കം, വെള്ളപ്പൊക്കം, തീ പടർന്നു പിടിച്ചു പലരും അഗ്നിക്കിരയാകുന്നത്? അവയൊന്നും അതിജീവിക്കുവാൻ അവർക്ക് എന്തുകൊണ്ട് പറ്റുന്നില്ല? വർത്തമാന പത്രങ്ങൾ എടുത്താൽ ദിവസവും അപകട മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അനവധി പേർ ഗുരുതര മുറിവുകളേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ്. എന്തുകൊണ്ടാണ് മനുഷ്യ ജീവിതത്തിൽ ഇവ ഉണ്ടായിക്കൊണ്ടിരിക്കുന്നത്?

## പ്രശ്ന നിർവ്വചനം

അനേകം ക്രിസ്ത്യാനികളുടെ പ്രശ്നം ഇതാണ്: "സർവ്വശക്തനും സ്നേഹവാനുമായ ദൈവം എന്തുകൊണ്ട് ദുരന്തങ്ങളെയും തിന്മയേയും അനുവദിക്കുന്നു? ദൈവം തന്റെ മക്കളിൽ പോലും എന്തുകൊണ്ട് ഭയങ്കര രോഗം വരുവാൻ അനുവദിക്കുന്നു? ചില ക്രിസ്ത്യാനികൾ ചോദിക്കും, "നീതിമാന്മാർ കഷ്ടതയനുഭവിക്കുമ്പോൾ എന്തുകൊണ്ട് ദുഷ്ടന്മാർ തഴച്ചുവളരുന്നു? ദൈവം എന്തുകൊണ്ട് തന്റെ വിശ്വസ്ത മകനെ അരിക്കായി ഇരക്കുവാൻ അനുവദിക്കുന്നു?" ചിലർ ദൈവത്തെ പഴിക്കും, "ഞാൻ കഷ്ടപ്പെടുമ്പോൾ നീ എവിടെയായിരുന്നു?"

## കഷ്ടതയെ കുറിച്ചുള്ള ചില ബൈബിൾ വാക്യങ്ങൾ

സാറാഫാത്തിലെ കഷ്ടപ്പെടുന്ന ഒരു വിധവയുടെ വീട്ടിലേക്കു പ്രവാചകനായിരുന്ന ഏലിയാവു പോയി. 1 രാജാക്കന്മാർ 17:20-ൽ ഏലിയാവു ഉച്ചത്തിൽ നിലവിളിച്ചു യഹോവയോടു പറഞ്ഞു, "എന്റെ ദൈവമായ യഹോവേ, ഞാൻ വന്നു പാർക്കുന്ന ഇവിടത്തെ വിധവയുടെ മകനെ കൊല്ലുവാൻ തക്കവണ്ണം നീ അവൾക്കു അനർത്ഥം വരുത്തിയോ എന്നു പ്രാർത്ഥിച്ചു പറഞ്ഞു" (1 രാജാക്കന്മാർ 17:20). കഷ്ടപ്പെട്ടുകൊണ്ടിരുന്ന ആ സാധു വിധവയുടെ മകൻ കൂടെ എടുക്കപ്പെട്ടതു എന്തുകൊണ്ടാണെന്നു ഏലിയാവിനു മനസിലായില്ല.

ന്യായാധിപന്മാർ 6:13-ൽ ഗിദെയോൻ ദൈവത്തിന്റെ ദൂതനോടു പറയുന്നതു ശ്രദ്ധിക്കുക, "അയ്യോ, യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതു ഒക്കെ ഭവിക്കുന്നതു എന്ത്? യഹോവ നമ്മെ മിസ്രയിമിൽ നിന്നു കൊണ്ടു വന്നു എന്നു നമ്മുടെ പിതാക്കന്മാർ നമ്മോടു അറിയിച്ച അവന്റെ അത്ഭുതങ്ങൾ ഒക്കെയും എവിടെ? ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ചു മിദ്യാന്യരുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നുവല്ലോ."

ഇയ്യോബ് 10:1-3 വരെ ഇയ്യോബിനു പ്രയാസം നേരിട്ടു. "എന്റെ ജീവൻ എനിക്കു വെറുപ്പാകുന്നുവല്ലോ. ഞാൻ എന്റെ സങ്കടം തുറന്നു പറയും. എന്റെ മനോവ്യസനത്തിൽ ഞാൻ സംസാരിക്കും. ഞാൻ ദൈവത്തോടു പറയും, എന്നെ കുറ്റം വിധിക്കരുതേ. എന്നോടു വ്യവഹരിപ്പാൻ സംഗതി എന്ത്? എന്നെ അറിയിക്കേണമേ പീഢിപ്പിക്കുന്നതും നിന്റെ കൈപ്പണിയെ തുഛീകരിക്കുന്നതും ദുഷ്ടന്മാരുടെ ആലോചനയിൽ പ്രസാദിക്കുന്നതും നിനക്കു യോഗ്യമോ? ഫലത്തിൽ ദൈവം ഇയ്യോബിനോടു പറഞ്ഞു, "എന്നെ വിശ്വസിക്കുക, ദൈവം "ഞാൻ എന്തു ചെയ്യാൻ പോകുന്നു എന്നു എനിക്ക് അറിയാം".

മുകളിൽ പറഞ്ഞ സംഭവങ്ങളിലെല്ലാം, ദൈവം പ്രശ്നങ്ങളെ സ്വാഭാവിക മാദ്ധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് കൈകാര്യം ചെയ്യുന്നത്. കാരണം മനുഷ്യർ പാപം തിരഞ്ഞെടുത്ത് വഷളാകുമ്പോൾ അവരെ കഷ്ടതയിൽ കൂടെ കടത്തിവിട്ട് ദൈവത്തോടു ശക്തമായ ഒരു ബന്ധം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു.

## മൂന്നു വിധത്തിലുള്ള തിന്മയാണുള്ളത്

തിന്മ എന്ന പ്രശ്നത്തെ മനസിലാക്കുവാൻ സഹായിക്കുന്ന വിധത്തിൽ നമുക്ക് തിന്മയെ മൂന്നായി തരം തിരിക്കാം. ഒന്നാമത്തേതു ശാരീരിക വേദന അല്ലെങ്കിൽ ജലപ്രളയം, ഭൂമികുലുക്കം, കൈപ്പ്, അംഗവൈകല്യമുള്ള ശിശുക്കൾ, മണ്ണിടിച്ചിൽ, അപകടങ്ങൾ മുതലായവയാൽ ഉണ്ടാകുന്ന കഷ്ടം. രണ്ടാമത്തേതു ധാർമ്മിക തിന്മ, കുല, അത്യാഗ്രഹം, വ്യാജം മുതലായവ. മൂന്നാമത്തേതു നിത്യ നരകം, ദുഷ്ടന്മാരെ ശിക്ഷിക്കുവാനുള്ള സ്ഥലം.

## എന്തുകൊണ്ടു നല്ലവരെ വേദനിക്കുവാനും കഷ്ടപ്പെടുവാനും അനുവദിക്കുന്നു?

ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്തുന്നതിനു മുൻപു, ചില പ്രധാനപ്പെട്ട ആശയങ്ങൾ നാം മനസ്സിലാക്കണം.

ആദ്യമായി മനുഷ്യന്റെ അറിവു പരിമിതമാണ് എന്ന കാര്യം നാം തിരിച്ചറിയണം. ഇയ്യോബ് 1:6-12 ഉദാഹരണമായി എടുക്കാം. നിത്യമായ ഉദ്ദേശവും രൂപവും പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്കു പ്രയാസമാണ്. തന്റെ സ്വന്ത സഹോദരന്മാരാൽ യോസേഫ് കഠിന യാതന അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ സമയം വന്നപ്പോൾ ദൈവത്തിന്റെ ഉദ്ദേശം മനസ്സിലാക്കി അവൻ പറയുന്നതു, "ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിനും വലിയോരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും ദൈവം എന്നെ നിങ്ങൾക്കുമുമ്പായി അയച്ചിരിക്കുന്നു."

രണ്ടാമതു, ബൈബിളിൽ ആവർത്തന പുസ്തകം 29:29 പറയുന്നു, "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവക്കുള്ളതത്രേ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകലവചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനും എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു." ചില കാര്യങ്ങളെ നമ്മിൽ നിന്നു മറച്ചു വെച്ചിരിക്കുന്നു. അവ ഒന്നും സംഭവിക്കുന്നതിനു മുൻപു മനസിലാക്കുവാൻ പ്രയാസമാണ്. ഒരു പക്ഷെ നമ്മുടെ ആയുഷ്ക്കാലത്തിൽ അവയ്ക്കുള്ള ഉത്തരം കിട്ടിയെന്നുവരികയില്ല. അത്തരം കാര്യങ്ങളിൽ, നമ്മുടെ കർത്തവ്യം എന്തെന്നാൽ വിശ്വാസത്തിൽ തുടർന്നുകൊണ്ടിരിക്കുക, അവൻ തന്റെ വാഗ്ദാനം നിറ

വേറ്റുമെന്ന ആശയിൽ ആശ്രയിക്കുക.

മൂന്നാമത്തേതു, നാം ക്രിസ്ത്യാനികളായതുകൊണ്ടു മാത്രം നമ്മുടെ കഷ്ടതകളും വേദനയും മാറ്റി തരാമെന്നു ദൈവം പറഞ്ഞിട്ടില്ല. ചിലപ്പോൾ നമ്മുടെ മനസ്സിൽ നാം സംരക്ഷണവും ഭദ്രതയും ആഗ്രഹിക്കും. പ്രശ്നങ്ങൾ വരുമ്പോൾ ദൈവത്തെ കുറ്റപ്പെടുത്താതിരിക്കുക. നാം ആഗ്രഹിക്കുന്നതുപോലെ ദൈവം പ്രവർത്തിക്കണം എന്നു ശഠിക്കരുത്. ഭൗതിക ശരീരത്തിൽ ആയിരിക്കും കാലം. നമ്മുടെ കാഴ്ച്ചപ്പാട് കാണുന്നവയിൽ ഒതുങ്ങും. പക്ഷെ നമ്മുടെ ചിന്ത ഈ ലോകത്തിനപ്പുറത്തേക്കു പോകണം. നാലാമതു, നന്മയും തിന്മയും വിവേചിക്കുന്ന കാര്യത്തിൽ നാം പരാജയപ്പെടും. വാസ്തവത്തിലുള്ള തിന്മ എന്നു പറയുന്നത് വേദനയോ, കഷ്ടതയോ അല്ല; പാപം ആണ്. ആ ഒരു തിരിച്ചറിവു നമ്മിൽ വരുമ്പോൾ തീർച്ചയായും കാണുന്ന വിധത്തിൽ നാം വിധിക്കുകയില്ല. പിന്നെ മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടതു നമ്മുടെ പ്രതികരണം ആണ്. പലപ്പോഴും നമ്മുടെ പ്രതികരണം ശരിയായ ലക്ഷ്യം കാണേണ്ടതിനായിരിക്കണം. മുഖ്യമായും ദൈവത്തെ മനസ്സിലാക്കിയാൽ നാം ദൈവത്തെ സംശയിക്കുകയോ അവന്റെ പ്രവൃത്തികൾ ചോദ്യം ചെയ്യുകയോ ഇല്ല.

പ്രശ്നത്തെ ശരിയായി കൈകാര്യം ചെയ്യുവാൻ നാം തിന്മയുടെ (പാപം) സ്വഭാവത്തെ മനസ്സിലാക്കുകയും നല്ലവനായ ദൈവം എങ്ങനെ നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുമെന്നും നാം അറിയണം.

പ്രകൃതി നിയമങ്ങളിൽ ദൈവം പ്രവർത്തിക്കും. നിയമമില്ലാതെ പ്രകൃതിക്കോ മനുഷ്യർക്കോ നിലനില്പില്ല (ഉല്പത്തി 8:2), പാപം കടന്നു വന്നതു മുതലാണ് കഷ്ടതയും പ്രയാസവും കടന്നുവന്നത്. വെള്ളം മനുഷ്യനെ ജീവിപ്പിക്കുന്നതാണ്. പക്ഷെ അതേ വെള്ളം പ്രളയമായാൽ ആളുകളെ നശിപ്പിക്കും എന്നോർക്കുക. കഷ്ടതക്കും വേദനക്കും അതിന്റേതായ ഫലമുണ്ട്. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തീരേണ്ടതിനാണ് വെച്ചിരിക്കുന്നത്. കഷ്ടത സഹിഷ്ണുതയെയും, സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ്

കഷ്ടതയിലും സന്തോഷിക്കണം എന്നാണ് വചനത്തിൽ പറഞ്ഞിരിക്കുന്നത്.

ദൈവം യിസ്രായേലിനെ അവരുടെ പാപത്തെ ബോധ്യപ്പെടുത്തുവാൻ പ്രകൃതി ദുരന്തങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഭൗതിക ലോകത്തിൽ ദൈവത്തിന്റെ പ്രവൃത്തി നമ്മെയും ഉണർത്തുവാൻ ചെയ്യുന്നുണ്ട്. ദൈവം ഈ ഭൂമിയിൽ ഉള്ള സകലതും സൃഷ്ടിച്ചിരിക്കുന്നത് നാം ഭയഭക്തി പൂണ്ട് ദൈവകൽപ്പനപ്രകരം ജീവിക്കേണ്ടതിനാണ്. ദൈവം നമുക്ക് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. നമ്മുടെ ഈ കാലയളവിൽ തിരഞ്ഞെടുപ്പ് നടത്തും. ആ തിരഞ്ഞെടുപ്പു നടത്തുന്നതിന്റെ ഫലമായിട്ടാണ് കഷ്ടതയും വേദനയും ഉണ്ടാകുന്നത്. നാം എന്തു തിരഞ്ഞെടുക്കുന്നുവോ അതിനുത്തരവാദി നാം തന്നെയാണ്. അതിനു മറ്റാരെയും പഴിച്ചിട്ടുകാര്യമില്ല. മനുഷ്യൻ തികവുള്ളവനായി തീരുവാൻ ദൈവം അരുളിചെയ്ത വേദഭാഗങ്ങൾ പരിശോധിക്കണം. നമ്മുടെ ദൈനന്തിന ജീവിതം അത്തരം തിരഞ്ഞെടുപ്പിലൂടെയാണ് നാം നയിക്കുന്നത്. അതുകൊണ്ട് ശരിയായ തീരുമാനം എടുക്കുവാൻ നാം ദൈവത്തിൽ ആശ്രയിക്കണം. ദൈവസഹായമില്ലെങ്കിൽ നമ്മുടെ ചിന്ത ആവശ്യമില്ലാത്തതും അപകടകരവുമായ നിലയിലേക്കു നീങ്ങും.

ഈ പ്രശ്നത്തിനുള്ള ഉത്തരം എന്തെന്നാൽ ഈ ലോകവും അതിലുള്ളതൊക്കെയും ദൈവം ഉണ്ടാക്കിയത് നിത്യവാസത്തിന് ആയിരുന്നില്ല. മനുഷ്യനെ സ്വർഗ്ഗീയ വാസത്തിലേക്ക് പരിശീലിപ്പിച്ച് എടുക്കുകയാണ് ഇക്കാര്യത്തിൽ ദൈവത്തിന്റെ ഉദ്ദേശം. ലൗകിക അന്തരീക്ഷവും സ്വർഗ്ഗീയ അന്തരീക്ഷവും വളരെ വ്യത്യാസമുള്ളതാണ്. നമുക്കു നേരിടുന്ന കഷ്ടതയും വേദനയും നമ്മെ ഒന്നുകിൽ നല്ല ദൈവമക്കളാക്കും. അതല്ലെങ്കിൽ കഠിന ഹൃദയരായി നാം ദൈവത്തെ ത്യജിക്കും. ദൈവകൃപ നമ്മുടെ കഷ്ടതയും ദുരിതവും മാറ്റുവാൻ ശക്തമാണ് (2 കൊരിന്ത്യർ 12:9). നമ്മുടെ മനസ്സിനേയും വിചാരത്തേയും രൂപപ്പെടുത്തി എടുക്കുവാൻ വേണ്ടി ലഭിക്കുന്നതായ ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

✱

# വാർത്തകൾ

## ട്രെയിൻ ദുരന്തം: ആന്ധ്ര ബന്ധം അന്വേഷിക്കുന്നു

വ്യാസർപാടി ട്രെയിൻ ദുരന്തത്തിൽ ആന്ധ്രയിൽനിന്നുള്ള നക്സൽ ഗ്രൂപ്പിനു പങ്കുള്ളതായി അന്വേഷണ ചുമതലയുള്ള ക്രൈം ബ്രാഞ്ച് സിഐഡി സംഘം സംശയിക്കുന്നു. പ്രാഥമിക സൂചനകൾ പ്രകാരം അട്ടിമറി സാധ്യത തള്ളിക്കളയാനാവില്ലെന്നു ക്രൈംബ്രാഞ്ച് എഡിജിപി അർച്ചനാ രാമസുന്ദരം പറഞ്ഞു.

മരിച്ച നാലുപേരിൽ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തയാളാണു സബർബൻ ട്രെയിൻ തട്ടിയെടുത്ത് ഓടിച്ചതെന്ന നിഗമനത്തിലാണു സിബി സിഐഡി സംഘം. പതിവായി ഫോൺ ചെയ്യാനെത്തിയിരുന്ന യുവാവിന്റേതാണു മൃതദേഹമെന്നു സെൻട്രൽ സ്റ്റേഷനിലെ എസ്ടിഡി ബൂത്ത് ഉടമ പോലീസിനു മൊഴി നൽകി. ദുരന്ത ദിവസം രാവിലെ 4.15-നും ഫോൺ ചെയ്തിരുന്നു.

✱

## മെക്സിക്കോയിൽ പന്നിപ്പനി: മരണം 176

മെക്സിക്കോയിൽ പന്നിപ്പനി മൂലം മരണം 176 ആയിരിക്കേ അവിടെ ജനജീവിതത്തിന് അടുത്ത അഞ്ചുദിവസത്തേക്കു പൂർണ മുടക്കം പ്രഖ്യാപിച്ചു. ഓഫീസുകളും കമ്പനികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം അഞ്ചുദിവസം പ്രവർത്തിക്കുകയില്ല. വീടുകളിൽ കഴിഞ്ഞുകൂടുകയെന്നതാണു രോഗം പടരാതെ നോക്കാനുള്ള ഏറ്റവും നല്ല മാർഗമെന്നു പ്രസിഡന്റ് ഫിലിപ് കാൾഡറോൺ ജനങ്ങളെ ആഹ്വാനം ചെയ്തു. ഇന്ത്യയിൽ ഇതേവരെ ആർക്കും രോഗബാധ കണ്ടെത്തിയിട്ടില്ലെന്നു കേന്ദ്ര ആരോഗ്യമന്ത്രാലയ ജോയിന്റ് സെക്രട്ടറി വിനീത് ചൗധരി വ്യക്തമാക്കി.

✱

# Watch!

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## എയർപോർട്ട് അക്രമം

വിമാനത്താവളത്തിൽ പോലീസ് ഉദ്യോഗസ്ഥരെ മർദ്ദിച്ച് അവശരാക്കിയ വിദേശ മലയാളിയെയും സുഹൃത്തുക്കളെയും വിട്ടയച്ചതു വിവാദത്തിലേക്ക്. യാത്രക്കാരുടെ കൺമുന്നിലാണു സിഐഎസ്എഫ് ഇൻസ്പെക്ടറെയും എമിഗ്രേഷൻ എസ്ഐയെയും മദ്യപിച്ച സംഘം അടിച്ചുവീഴ്ത്തിയത്.

✶

## ഇനി മഞ്ഞപ്പനിപ്പേടിയും

ചിക്കുൻഗുനിയയും ഡെങ്കിപ്പനിയും വിറപ്പിച്ച കേരളത്തെ മറ്റൊരു മാരകരോഗം ഉറ്റുനോക്കുന്നു. മഞ്ഞപ്പനി പടർന്നു പിടിക്കാൻ തെക്കേ ഏഷ്യയിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ള സംസ്ഥാനം കേരളമാണെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നടത്തിയ പഠനം വെളിപ്പെടുത്തുന്നു. കൊതുകു നിവാരണത്തിനു ഫലപ്രദമായ പദ്ധതികളൊരുക്കാതെ ആരോഗ്യവകുപ്പ് ഉറക്കം നടിക്കുമ്പോൾ ഈഡിസ് കൊതുകുകളുടെ സാന്ദ്രത ക്രമാതീതമായി വർധിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്. തിരുവനന്തപുരം ഡെങ്കിപ്പനിയുടെ തലസ്ഥാനമായി മാറിയെന്നും സർവേ റിപ്പോർട്ട് വ്യക്തമാക്കുന്നു.

✶

## അക്രമിസംഘം വീടുകയറി സഹോദരങ്ങളെ വെട്ടി

ആറംഗ അക്രമിസംഘം വീടുകയറി സഹോദരങ്ങളെ വെട്ടി. ഗുരുതരമായി പരുക്കേറ്റ തൃക്കണ്ണാപുരം കുന്നപ്പുഴ സ്വദേശികളായ അഭിലാഷ് (24), അനീഷ് (14) എന്നിവരെ സ്വകാര്യ ആശുപത്രിയിലും തുടർന്നു മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആക്രമണത്തിനിടെ മർദ്ദനത്തിനിരയായ ഇവരുടെ സഹോദരി നയന (18) യും ചികിൽസയിലാണ്.

✶

കാണുക!

# സത്യനാദം

ബ്രദർ. പി. കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 May**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378